മുന്നണിപ്പട

നമ്പർ 5 മാർച്ച് 1993

ചെപ്പിടിവിദ്യക്കാരന്റെ ബഡ്ജറ്റ്

ഇന്ദ്രജാലക്കാരന്റെ മികവു് പ്രദർശിപ്പിച്ച മൻമോഹൻ സിംഗ് തന്റെ മാന്ത്രിക തലപ്പാവിൽ നിന്നു് എല്ലാവർക്കും സംതൃപ്തിനല്കുന്ന സമ്മാനങ്ങൾ തന്നിരിക്കുന്നു. ഏതാണ്ടു് 4000 കോടി രൂപ വരുമാനനഷ്ടം സഹിച്ചുകൊണ്ടു് പല പരോക്ഷ നികുതികളും ഇറക്കുമതി ചുങ്കങ്ങളും വെട്ടികുറച്ച സിംഗ്, പദ്ധതി വിഹിതം വർദ്ധിപ്പിക്കുകമാത്രമല്ല ബഡ്ജറ്റ് കമ്മി 2888 കോടി രൂപകണ്ടു് വെട്ടികുറയ്ക്കുകയും ചെയ്തു. സാക്ഷാൽ 'സാൻറാക്ലോസു്' എന്നാണു് 'മനോരമ' അഭിപ്രായപ്പെട്ടിരിക്കുന്നത്. ഈ ചെപ്പിടിവിദ്യ എങ്ങിനെ സാധ്യമായി?

സർക്കാരിന്റെ മൊത്തം വരവും ചെലവും തമ്മിലുള്ള വ്യത്യാസമാണ് ബഡ്ജറ്റ് കമ്മി. 93/94ൽ അത് 4314 കോടിരൂപയായി കണക്കാക്കിയിരിക്കുന്നു. ഈ സംഖ്യയിലാണ് 92/93 നെ അപേക്ഷിച്ച് കുറവുണ്ടായിരിക്കുന്നത്. എന്നാൽ ഈ കമ്മിക്കണക്ക് ചിലതെല്ലാം മൂടിവയ്ക്കുന്നുണ്ട്. സർക്കാരിന്റെ വരവിൽ പെടുന്ന മൂലധനവരവിൽ കടം കൊള്ളുന്ന സംഖ്യയും പെടും. അതായത് ബഡ്ജറ്റ് കമ്മിനികത്താൻ റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യയിൽ നിന്ന് കടം കൊള്ളുന്ന സംഖ്യ (ഫലത്തിൽ പുതുതായിസൃഷ്ടിക്കപ്പെടുന്ന പണം) കൂടാതെയുള്ളകടമാണിത്. 93/94 ൽ ഇത് 32645 കോടി രൂപ വരും. (മുൻ വർഷത്തെ അപേക്ഷിച്ചു് 3125 കോടി രൂപ അധികം.) ബഡ്ജറ്റ്കമ്മിയോടു ഈ സംഖ്യകൂടി കൂട്ടുമ്പോഴാണു് യഥാർത്ഥ കമ്മി ലഭിക്കുന്നതു്— 36959 കോടിരൂപ. കടം ഇത്രവർദ്ധിച്ചിട്ടും ഈ കമ്മി മുൻ വർഷത്തെ അപേക്ഷിച്ചു് 237 കോടി രൂപ മാത്രമേ വർദ്ധിച്ചിട്ടുള്ളു എന്ന് സിംഗ് അവകാശപ്പെടുമ്പോൾ വീണ്ടും ഒരു വസ്തുത മറച്ചുവയ്ക്കുന്നു. 93/94ൽ കടത്തിന്റെ പലിശയിനത്തിൽ 38000 കോടി രൂപ കണ്ടെത്തണം. റിസർവ്വ്ബാങ്ക് അച്ചടിച്ചിറക്കാൻ പോകുന്ന പുതിയ നോട്ടുകളും (ഇതിലൂടെ ഉണ്ടാകാൻ പോകുന്ന നാണ്യപ്പെരുപ്പം മറ്റൊരുപ്രശ്നം) കടം വാങ്ങുന്ന സംഖ്യയും (36959 കോടി രൂപ) ഇതിനു് തികയാതെവരും. കൃത്യമായി പറഞ്ഞാൽ 1041 കോടി രൂപയുടെ കുറവു്. ഇത് എവിടെ നിന്നായിരിക്കും വരുന്നത്? ഒന്നുകിൽ യഥാർത്ഥ ബഡ്ജറ്റ് കമ്മി തന്നെ ഇത്രകണ്ടു് വർദ്ധിപ്പിക്കണം. അതെല്ലങ്കിൽ കടം വാങ്ങുന്ന സംഖ്യ വർദ്ധിപ്പിക്കണം. 92/93 ബഡ്ജറ്റിൽ പ്രതീക്ഷിച്ചിരുന്ന പലിശചെലവു് ഒടുവിൽ 500 കോടി രൂപ വർദ്ധിപ്പിച്ച സ്ഥിതിക്കു് കണക്കുകളിൽ കാണുന്നതിനേക്കാൾ അധികം പണം ഒടുവിൽ കണ്ടെത്തേണ്ടി വരുമെന്നും ഉറപ്പാണ്. ഏറ്റവും കാതലായ പ്രശ്നം മുഴച്ചുനില്ക്കുകയും ചെയ്യുന്നു - ഓരോവർഷവും വാങ്ങുന്ന കടം പലിശ അടയ്ക്കാൻപോലും തികയാതെവന്നിരിക്കുന്നു. പദ്തിയേതര ചെലവിൽ പലിശയുടെ ശതമാനം 91/92ൽ 33, 92/93ൽ 37, 93/94ൽ 42 എന്നിങ്ങനെയാണ് വർദ്ധിച്ചു വരുന്നത്. കടകയത്തിൽ നിന്ന് കരകയറുകയല്ല നമ്മൾ അതിലേക്കു് മുതലക്കുപ്പ്കുത്തുകയാണു്. സാമ്പത്തിക പ്രതിസന്ധിയുടെ ഏറ്റവും ദുഷ്കരമായ ഘട്ടം നാം പിന്നിട്ടു എന്നു് അവകാശപ്പെടുന്ന സർക്കാരിന്റെ സാമ്പത്തിക സർവ്വേ '92' ഇത് തുറന്നു സമ്മതിക്കുന്നുണ്ടു് - ലോകവ്യാപകമായ മാന്ദ്യം മൂലം ഇന്ത്യയുടെ കയറ്റുമതിയിലൂടെ ഇറക്കുമതി ആവശ്യങ്ങൾക്കുവേണ്ട വിദേശ നാണ്യം നേടാൻ കഴിഞ്ഞെന്നു വരില്ല. വിദേശ മൂലധന മുതൽമുടക്കം അത്രപെട്ടെന്നു വർദ്ധിക്കുകയില്ല. തന്മൂലം ഇടക്കാലത്തേക്കു് ധനാഗമനത്തിനു് സവിശേഷമായ രീതികൾ കണ്ടെത്തേണ്ടിവരും! 92 സെപ്റ്റംബറിൽ 2,27,552 കോടിരൂപ വരുന്നകടം ഇനിയും വർദ്ധിപ്പിക്കലായിരിക്കും ഈ സവിശേഷ രീതി.

ഇനി 'എല്ലാവർക്കും' (അഥവാ വൻവ്യവസായികൾക്കും) ബഹുരാഷ്ട്ര കുത്തകകൾക്കും) സൗജന്യങ്ങൾ വാരിക്കോരി കൊടുത്ത സാൻറാ ക്ലോസ്സിന്റെ കഥനോക്കാം. 92/93 അപേക്ഷിച്ച് ഈ ബഡ്ജറ്റ് വർഷത്തിൽ സർക്കാരിന് ലഭിക്കുന്ന ഓരോ രൂപയിലും കസ്റ്റംസ്, എക്സൈസു്വരുമാനം 3പൈസകുറഞ്ഞിട്ടുണ്ട്. എന്നാൽ ഈ കുറവു നികത്താൻ സർക്കാർ മുടക്കിയ മുതലിൽ നിന്ന് പ്രതീക്ഷിക്കുന്ന അധികവരുമാനവും

(ശേഷം 8-ാം പേജിൽ)

നേര്യമംഗലത്ത് ജനകീയ പ്രതിരോധം

ജനുവരി 29 ന് നടന്ന പോലീസ് അക്രമത്തെ തുടർന്നു സൃഷ്ടിക്കപ്പെട്ട ഭീകര അന്തരീക്ഷം മാററുന്നതിലും ഈ സംഭവത്തെകുറിച്ച് ജനകീയ പങ്കാളിത്തത്തോടെ വസ്തുനിഷ്ഠമായ അന്വേഷണ റിപ്പോർട്ട് തയ്യാറാകുന്നതിലും നേര്യമംഗലത്ത് വച്ച് ഫ്രെബ്രുവരി 13നു രൂപീകരിക്കപ്പെട്ട ജനകീയ ഐക്യവേദി വിജയിച്ചിരിക്കുന്നു. റിപ്പോർട്ടിനുസരിച്ച്, സ്ക്കൂളിൽകയറി ഒരു പെൺകുട്ടിയെ മാനഭംഗപ്പെടുത്താൻ ചിലപ്രമാണിമാരുടെ മക്കൾ നടത്തിയ ശ്രമത്തിനെതിരെ പോലീസും പ്രമുഖ രാഷ്ടീയപാർട്ടി നേതാക്കന്മാരും സ്വീകരിച്ച തെററായ സമീപനമാണ് സംഘർഷത്തിന് വഴിവച്ചത്. 22-ാംതിയ്യതി നടന്ന മാനഭംഗശ്രമത്തിനുശേഷം പോലീസിന്റെ ഭാഗത്തുനിന്ന് ഒരു നടപടിയും ഉണ്ടാകാതിരുന്നപ്പോൾ കടകൾ അടച്ച് ഹർത്താലും വിദ്യാർത്ഥികളുടെ പ്രതിഷേധ പ്രകടനവും നടന്നു. തുടർന്ന് വിവിധ രാഷ്ടീയ പാർട്ടികളുടെ പ്രാതിനിധ്യത്തോടെ രൂപീകരിച്ച ആക്ഷൻ കൗൺസിൽ സമരം ആരംഭിച്ചു. ഇതിനിടെ സ്ഥലത്തെ കോൺ (ഐ) എം. എൽ. എ. പ്രതികളെ രക്ഷപ്പെടുത്തുന്നതിലാണ് ശ്രദ്ധിച്ചത് എന്ന് റിപ്പോർട്ട് ചൂണ്ടികാട്ടുന്നു. 27നും 28നും വഴിതടയൽ സമരംനടന്നു. ഒടുവിൽ 29ന് 10മണിക്ക് പ്രതികളെ അറസ്റ്റുചെയ്ത് ജനങ്ങളുടെ മുമ്പിൽ ഹാജരാക്കാമെന്ന് കോതമംഗലം സി. ഐ. സമ്മതിച്ചതായി ആക്ഷൻ കൗൺസിൽ നേതാക്കന്മാർ അറിയിച്ചു. ഇതു നടന്നില്ലെങ്കിൽ സമരംശക്തിപ്പെടുത്തണമെന്ന അവരുടെ ആഹ്വാനം പ്രകാരം 29നും സമരം തുടർന്നു. പക്ഷേ അന്ന് അറസ്റ്റുനടന്നുവെങ്കിലും പ്രതികളെ ഹാജരാക്കാൻ നിമയം അനുവദിക്കുന്നില്ലെന്നും നെല്ലിമററം പഞ്ചായത്തു് ഓഫീസിൽ കൊണ്ടുവരുമ്പോൾ ഒരു പ്രതിനിധി സംഘത്തിന് ഇവരെകാണാമെന്നുമാണ് ആക്ഷൻ കൗൺസിലുകാർ അറിയിച്ചത് സമരം തീർന്നതായും കൗൺസിൽ പിരിച്ചുവിട്ടതായും ഇവർ അറിയിച്ചപ്പോൾ സമരംഗത്തുനിന്ന് കുറച്ചുപേർ പിരിഞ്ഞുപോയെങ്കിലും സമരംതുടരാൻ തന്നെ ബാക്കിയുള്ളവർ തീരുമാനിച്ചു. സ്ഥലംവിടാൻ ശ്രമിച്ച ആക്ഷൻ കൗൺസിലുകാരിൽ ഒരാളെ അവർ ബലമായി സമരത്തിന്റെ മുൻനിരയിൽ തന്നെ ഇരുത്തി. ഇതോടെ ജനങ്ങൾ ആക്ഷൻ കൗൺസിലുകാർക്കുമെതിരെ മുദ്രാവാക്യം മുഴക്കാൻ തുടങ്ങി. ഈ സമത്ത് അതുവഴിവന്ന മൂവാററുപുഴ സി.ഐയുടെ വണ്ടിയും തടഞ്ഞു. മദ്യപിച്ചിരുന്ന സി. ഐ ജനങ്ങളുടെ നേരെ തട്ടികയറാൻ ശ്രമിച്ചപ്പോൾ അവർ ചെറുത്തു. ഇതോടെ ആക്ഷൻ കൗൺസിലിൽ അംഗങ്ങളായ വിവിധ രാഷ്ടീയപാർട്ടി നേതാക്കന്മാർ (സി. പി. എം ഉൾപ്പെടെ) കോതമംഗലത്തുള്ള പൊലീസുകാരെയും സ്വന്തം പാർടി ഓഫീസുകളിലെ പ്രവർത്തകരെയും ഫോണിൽ ബന്ധപ്പെട്ട്, സമരം 'സാമൂഹ്യ വിരുദ്ധന്മാർ' കൈയ്യടക്കി, എന്തും സംഭവിക്കും പോലീസിനെ ഉടനെ അയക്കണമെന്നാക്കെ ആവശ്യപ്പെട്ടു. ഇതിനെ തുടർന്നാണ് കോതമംഗലം സി. ഐയുടെ നേതൃത്വത്തിൽ വലിയൊരു പോലീസ്സന്നാഹം വന്ന് അക്രമം അഴിച്ചുവിട്ടത്. വന്നപാടെ പോലീസുകാർ കല്ലേറും അടിയും തുടങ്ങി. തടഞ്ഞിട്ടിരുന്ന ബസ്സുകൾക്കും ജനങ്ങൾക്കും സ്ക്കൂളിനും നേരെയാണ് കല്ലേറ് നടത്തിയത്. സാധ്യമായ രീതിയിൽ ജനങ്ങൾ തിരിച്ചടിക്കാൻ തുടങ്ങിയപ്പോൾ ആകാശത്തേക്ക് വെടിവച്ച് പിൻവാങ്ങി. അന്നുരാത്രി തന്നെ പലരും വീട്ടിൽ താമസിക്കാതെ സ്ഥലംവിട്ടു. പിറേറന്നു രാവിലെ പോലീസ് നിരോധനാജ്ഞ പ്രഖ്യാപിച്ചു. നിരോധനാജ്ഞ പ്രഖ്യാപനത്തോടൊപ്പംതന്നെ റോഡിൽ കണ്ടവരെയെല്ലാം മർദ്ദിക്കുകയും ബലമായി കസ്റ്റഡിയിലെടുക്കുകയും ചെയ്തു. 73 പേരാണ് പിടിയിലായത്. എല്ലാവരെയും മർദ്ദിച്ചു. 6പേരെ തിരഞ്ഞെടുത്ത് മൃഗീയമായി മർദ്ദിച്ചു. ഇതിലൊരാൾ രക്തംഛർദ്ദിക്കുന്ന അവസ്ഥയിൽഎത്തി. പിന്നീട് ഒരാഴ്ചത്തേക്ക് നേര്യമംഗലത്തും പരിസരങ്ങളിലും ഭീകരാന്തരീക്ഷം തുടർന്നു. അതിനുശേഷം ബി. ജെ. പി, സി. പി. എം പ്രതിഷേധയോഗങ്ങൾ നടന്നെങ്കിലും മാനഭംഗശ്രമത്തിൽപ്പെട്ട പ്രമാണിമാരുടെ മക്കളെ രക്ഷപ്പെടുത്തിയതിനേകുറിച്ചോ, പോലീസ് അതിക്രമത്തേക്കുറിച്ച് അന്വേഷിക്കുന്ന വിഷയത്തേക്കുറിച്ചോ ഒന്നും പറഞ്ഞിട്ടില്ല (മൂവാററുപുഴ എം. പി., പി. സി. തോമസ് മാത്രമാണ് ഈ ആവശ്യം ഉന്നയിച്ചത്.) നേതാക്കന്മാരെ ധിക്കരിച്ച് സമരം തുടർന്നതുകൊണ്ട് ഒരു സഹായവും ചെയ്യില്ല എന്ന നിലപാടാണ് അവർ സ്വീകരിച്ചിരിക്കുന്നത്. 21-ാംതിയതി നേര്യമംഗലത്തുനടന്ന പൊതു യോഗത്തിൽ വച്ചാണ് ഈ റിപ്പോർട്ട് അവതരിപ്പിച്ചത്. ജനകീയ ഐക്യവേദി കൺവീനർ എ. സി. രാജശേഖരൻ, മററു വേദിപ്രവർത്തകർ, അഡ്വ: സി വി ആൻറണി, കേരളീയ വിദ്യാർത്ഥി മുന്നണി സെക്രട്ടറി ജോൺ ജോസഫ് എന്നിവർ യോഗത്തിൽ സംസാരിച്ചു.

ബോംബേയിൽ എന്താണ് നടന്നത് ?

(ബോംബേ വർഗീയ കലാപത്തെ കുറിച്ച് അന്വേഷിച്ച 'ഭാരതീയ ജൻവാദി ആഘാടി'യുടെ റിപ്പോർട്ടിന്റെ ചുരുക്കം)

"...ഈ ഫാസിസ്റ്റ് കൂട്ടകൊല കരുതികൂട്ടി നടത്തിയ ഒന്നാണ്. ഇതിനു തൊട്ടും മുമ്പും തുടർന്നും ശിവസേനയും ബി. ജെ. പിയും സംഘടിപ്പിച്ച 'മഹാആരതി'കളിൽ മുസ്ലീം വിരുദ്ധ വർഗീയ വികാരങ്ങൾ ഇളക്കിവിട്ടിരുന്നു. തങ്ങളുടെ നേരെ കർശനനടപടികൾ സ്വീകരിച്ച

(ശേഷം 7-ാം പേജിൽ)

വിവേകാനന്ദൻ : ആധുനിക സവർണ്ണാധിപത്യശില്പി.

(ജനുവരി ലക്കത്തിൽനിന്ന് തുടർച്ച)

എം. ഗീതാനന്ദൻ

കായസ്ഥാ ഉൽപതിഷ്ണുത്വത്തിന്റെ തീവ്രതയോടുള്ള വിമർശനം ബ്രാഹ്മണ പൗരോഹിത്യാധിപത്യത്തിനെതിരെ വിവേകാനന്ദൻ കർക്കശമായി ഉയർത്തുന്നത് പലപ്പോഴും കണാം. ഈ കാർക്കശ്യമാണ് പലപ്പോഴും ഇന്ത്യൻ 'മാർക്സിസ്റ്റു' കളെപോലും വിവേകാനന്ദനെ ആദർശപുരുഷനായി ചിത്രീകരിക്കാനും, ആധുനിക നവോത്ഥാനപ്രതീകമായി എഴുന്നള്ളിക്കാനുമുള്ള പ്രതിഛായ നൽകുന്നത്. ബ്രാഹ്മണരുടെ കൊളോണിയൽ പ്രതിസന്ധിക്ക് നേരെ വിരൽചൂണ്ടിക്കൊണ്ടു് വിവേകാനന്ദൻ മുന്നറിയിപ്പ് നൽകുന്നു "ബ്രാഹ്മണരോട് ഞാൻ പറയട്ടെ -- ജാതിയെയും കുലത്തെയും ചൊല്ലിയുള്ള നിങ്ങളുടെ അഭിമാനം വ്യർത്ഥമാണ്. അതൊക്കെ കുടഞ്ഞുകളയുക... ..." (P.349; വിസാ: സ: vol III) "......സ്വന്തം ശാസ്ത്രങ്ങളിൽ വിശ്വസിക്കുന്നുണ്ടെങ്കിൽ, മഹാനായ അലക്സാണ്ടറുടെ കൂടെ പോയി, മ്ലേഛന്റെ ആഹാരം കഴിച്ചതിന് സ്വയം ദഹിപ്പിച്ച ബ്രാഹ്മണനെപ്പോലെ, നിങ്ങളും ഒന്നാമതായി ദഹിപ്പിക്കണം ... ഈ യുഗത്തിൽ അതിന് കരുത്തില്ലെങ്കിൽ, സ്വന്തം ദൗർബ്ബല്യം സമ്മതിക്കുക, മററുള്ളവരുടെ ദൗർബ്ബല്യത്തെ പൊറുക്കുകയും ചെയ്യുക. ഹസ്താവലംബം നൽകി മററുജാതികളെ ഉന്നമിപ്പിക്കുക, അവരെ വേദങ്ങൾ പഠിക്കാൻ അനുവദിക്കുക, ലോകത്തിൽ മററിടങ്ങളിലുള്ള ഏതൊരാര്യനെയും പോലെ അവരും നല്ല ആര്യൻമാരാകട്ടെ. ബംഗാളി ആര്യന്മാരേ നിങ്ങളും അവ്വണ്ണമുള്ള ആര്യന്മാരാകുക." (P : 230 വേദാന്തം എല്ലാവശങ്ങളിലൂടെയും vol : III). ബ്രാഹ്മണാധിപത്യത്തിനെതിരെയുള്ള വിവേകാനന്ദന്റെ മുന്നറിയിപ്പുകൾ ക്ഷത്രിയത്വത്തിന്റെ മഹത്വവൽക്കരണവും, ആര്യത്വത്തിന്റെ ദൃഢമായ സ്ഥാപനവുമാണ് ലക്ഷ്യം വെക്കുന്നതെന്ന യാഥാർത്ഥ്യം പലപ്പോഴും മൂടിവെക്കാറാണ് പതിവ്. കായസ്ഥാഉൽപതിഷ്ണുത്വത്തിൽ നിന്നും ഉയരുന്ന ക്ഷാത്ര വീര്യം ഇങ്ങിനെ പ്രകടമാക്കപ്പെടുന്നു. "ഭാരതത്തിന്റെ നട്ടെല്ല് എക്കാലവും ക്ഷത്രിയരായിരുന്നു: അവർ ശാസ്ത്രത്തെയും സ്വാതന്ത്ര്യത്തെയും, പിൻതാങ്ങിവന്നു. നാട്ടിൽനിന്ന് അന്ധവിശ്വാസങ്ങൾ തുടച്ചുമാററാൻ അവർ വീണ്ടും വീണ്ടും ശബ്ദമുയർത്തിയിട്ടുണ്ട്. ഭാരതചരിത്രത്തിലെങ്ങും, അക്രമാസക്തമായ പൗരോഹിത്യ മർദ്ദനത്തിന് തകർക്കാൻ കഴിയാതെ നിലനിന്നുപോന്നപ്രതിബന്ധവും ക്ഷത്രിയർ തന്നെയായിരുന്നു." (ഭാരതം മതത്തിന്റെ നാടാണ് വി: സ: സ: P. 360 : vol : III). ക്ഷത്രിയത്വത്തിന്റെ ഈ മഹത്വവൽക്കരണം കൊളോണിയൽ ബംഗാളി കായസ്ഥരുടെ സഹജസ്വഭാവമാണ്. വേദാന്തഭാഷ്യത്തിലൂടെ വിവേകാനന്ദൻ അതിനെ തത്വവൽക്കരിക്കുന്നു എന്ന്മാത്രം. ബ്രാഹ്മണിസത്തിന്റെ കൊളോണിയൽ അതിജീവനത്തിന് ഈ തത്വവൽക്കരണം അനിവാര്യവുമായിരുന്നു. ക്ഷത്രിയത്വത്തിന്റെ മഹത്വവൽക്കരണത്തോടെ പ്രകടമാക്കുന്ന ഈ സമീപനത്തിലൂടെ ബ്രാഹ്മണിസത്തിന്റെ അതിജീവനം എങ്ങിനെയായിരിക്കണമെന്നും വിവേകാനന്ദൻ മറയില്ലാതെ വ്യക്തമാക്കുന്നുണ്ട്. "രജപുത്രരായ നിങ്ങൾ പ്രാചീനഭാരതത്തിന്റെ യശസ്തംഭങ്ങളായിരുന്നു. നിങ്ങൾ അധ:പതിച്ചപ്പോൾ ജനതയും ക്ഷയിച്ചു. ക്ഷത്രിയരുടെ പിൻതുടർച്ചക്കാർ ബ്രാഹ്മണരുടെ പിൻതുടർച്ചക്കാരുമായി സഹകരിച്ചാൽ മാത്രമേ ഭാരതത്തെ ഉന്നമിപ്പിക്കാൻ കഴിയൂ. ഈസഹകരണം പണവും പെരുമയും പങ്കിടാനാവരുത്; മറിച്ച്, ദുർബലരെ തുണയ്ക്കാനും അജ്ഞർക്കു് വെളിച്ചം കൊടുക്കാനും, സ്വപൂർവ്വികരുടേതായ പവിത്ര ഭൂമിയുടെ പൊയ്പോയ മഹത്വം വീണ്ടടുക്കാനുമാകണം." (ഭാരതം മതത്തിന്റെ നാടാണ് : വി : സ : സ : Vol III : P. 361) മഹത്വം വീണ്ടെടുക്കാൻ വിവേകാനന്ദനു് നിർദേശിക്കാനുളള പദ്ധതിയിതാണ്. ബ്രാഹ്മണർ പൗരോഹിത്യ ഗർവ്വ് അവസാനിപ്പിക്കുക; മഹത്വം വീണ്ടെടുക്കാൻ ക്ഷത്രിയനുമായി കാലാനുസൃതം സന്ധിചെയ്യുക. പ്രസ്തുത സന്ധിക്കായി ഭാരതത്തിന്റെ ജാത്യാധിഷ്ഠിത ഭാവി എങ്ങിനെയായിരിക്കുമെന്നും പ്രസ്താവിക്കുന്നുണ്ടു്. ജാതിയുടെ ഉൽപത്തി ചരിത്രത്തിനു് നൂതനഭാഷ്യം നൽകിക്കൊണ്ട് ബ്രാഹ്മണ്യത്തിനു് പുതുജീവൻ നൽകാൻ ശ്രമിക്കുന്നതു് എങ്ങിനെയെന്നു് നോക്കുക. ജാതിയുടെ ഉൽപത്തിചരിത്രത്തിനു് .... "മഹാഭാരതത്തിൽ കാണുന്നതേ ഒരു വിശദീകരണമായെടുക്കാനുള്ളൂ. അവിടെ പറയുന്നു, സത്യയുഗത്തിൽ ബ്രാഹ്മണരെന്ന ഒരു ജാതിയേ ഉണ്ടായിരുന്നുള്ളൂ. തൊഴിൽഭേദംകൊണ്ടു് പിന്നീടു് അവർ സ്വയം പിരിഞ്ഞു് പലജാതികളായി. ഇതൊന്നേ ജാതിക്കുള്ള യുക്തി യുക്തവും ശരിയുമായ വ്യാഖ്യാനമായി കിട്ടിയിട്ടുള്ളൂ. വരാനിരിക്കുന്ന സത്യയുഗത്തിൽ മററു ജാതിക്കാരെല്ലാം പഴയ അതേ അവസ്ഥയിലേക്കു് മടങ്ങേണ്ടിവരും അതിനാൽ ഭാരതത്തിലെ ജാതിപ്രശ്നത്തിന്റെ പരിഹാരം ഈ രൂപമാണു് കൈക്കൊള്ളുന്നത്." (ഭാരതത്തിന്റെ ഭാവി: വി: സ : സ : P. 185. Vol: III) ജാതിപ്രശ്നത്തിന്റെ പരിഹാരത്തിനുള്ള യുക്തി യുക്തമായ ഒരേയൊരു മാർഗ്ഗം ഇങ്ങിനെ അവതരിപ്പിക്കുന്നു. ജാതിഭേദം ഇല്ലായ്മചെയ്യാൻ 'ഉയർന്ന ജാതികളെ അധഃപതിപ്പിക്കുകയല്ല വേണ്ടത്, ബ്രാഹ്മണനെ ഞെക്കിക്കളയുകയുമല്ല വേണ്ടത്' കാരണം, "ഗീതാഭാഷ്യത്തിന്റെ തുടക്കത്തിൽ അദ്ഭുതകരമാംവണ്ണം ശങ്കരാചാര്യർ ഉന്നയിച്ചിട്ടുള്ളതുപോലെ, ബ്രാഹ്മണ്യമാണ് ഭാരതീയമായ മനുഷ്യാദർശം" (വി : സ : സ : P : 485, Vol:III). സ്വന്തം കുലമഹിമയിൽ ശ്രദ്ധാലുവെങ്കിലും ബ്രാഹ്മണത്വം പ്രാപിക്കാനുള്ള തീവ്രാഭിലാഷം പ്രകടിപ്പിക്കുകയാണിവിടെ. പക്ഷേ പാശ്ചാത്യലോകത്തിനു് മുന്നിൽ ദേശാഭിമാനം മുഴക്കുന്ന ഒരു ജാത്യാഭിമാനിക്കു് ഏറെറടുക്കേണ്ടിവന്ന കടമദുഷ്കരമായിരുന്നു. കൊളോണിയൽ ഘട്ടത്തിലെ ചലനാത്മകതയ്ക്കു് മുന്നിൽ അതിജീവിക്കേണ്ട ബ്രാഹ്മണ്യത്തിനു് ശൂദ്രത്വത്തെ

എങ്ങിനെ വ്യാഖ്യാനിക്കും? സ്വാഭാവികമായും ശൂദ്രത്വത്തിന്റെ സ്ഥാനംനിർവ്വഹിക്കാനുള്ള ബാധ്യതകൂടി വിവേകാനന്ദനു്ഏറെറടുക്കേണ്ടിവന്നു. വേദാന്തസമന്വയ വാദത്തിലൂടെ വിവേകാനന്ദൻ ഏറെറടുത്ത ഈ ദൗത്യം തന്നെയാണു് പലപ്പോഴും ഇന്ത്യൻ 'മാർക്സിസ്ററുകളെ' പോലും ബ്രാഹ്മണ്യത്തിന്റെ വിഷമവൃത്തത്തിലെത്തിക്കുന്നതും. ബ്രഹ്മസൂത്രത്തെ സംബന്ധിച്ച പരാമർശങ്ങൾ പലപ്പോഴും വിവേകാനന്ദന്റെ ജാതി വിരുദ്ധ നിലപാടായി ചൂണ്ടിക്കാട്ടാറുണ്ടു്. പ്രിയാദാസ്മിത്രനു് വിവേകാനന്ദൻഎഴുതിയ കത്തിൽ ഇങ്ങിനെ ചിലസംശയങ്ങൾ ഉന്നയിക്കുന്നുണ്ടു്.

2. ''ശങ്കരാചാര്യർ വേദാന്ത സൂത്ര ഭാഷ്യത്തിൽ മിക്കവാറും സ്മൃതിപ്രമാണമായുദ്ധരിക്കുന്നത് മഹാഭാരത വാക്യങ്ങളാണല്ലോ. എന്നാൽ വനപർവ്വത്തിലെ അജഗരോപാഖ്യാനത്തിലും ഉമാമഹേശ്വര സംവാദത്തിലും ഭീഷ്മ പർവ്വത്തിലും ജാതി ഗുണനിഷ്ഠമാണെന്നു് സ്പഷ്ടമായി പറയുന്നതിനെ അദ്ദേഹം സ്വകൃതികളിൽ വല്ലേടത്തും പ്രമാണീകരിച്ചിട്ടുണ്ടോ?

3. പുരുഷ സൂക്തത്തിലെ ജാതി ജന്മായത്തമല്ല; വേദത്തിലെ ഏത് ഭാഗത്താണു് അതിനെ ജന്മായത്തമാക്കിയിട്ടുള്ളത്?

4. ശൂദ്രർവേദം പഠിക്കരുതെന്നതിനു് ശങ്കരാചാര്യർ വേദത്തിൽ നിന്ന് പ്രമാണം എടുത്തുകാണിക്കുന്നില്ല. .. ..എന്തുകൊണ്ടാണു് ശൂദ്രനു് ഉപനിഷത്ത് പഠിക്കാൻ പാടില്ലാത്തത്?''

(വി. സ : സ : P. 8., Vol : V) വേദപ്രമാണമനുസരിച്ചു് ജാതി ജന്മസിദ്ധമല്ലെന്നും, ഗുണനിഷ്ഠമാണെന്നുമാണു് വിവേകാനന്ദൻ ഇവിടെ വ്യക്തമാക്കാനാഗ്രഹിക്കുന്നത്. മാത്രമല്ല, ശൂദ്രനു് യജ്ഞാധികാരമില്ലാ എന്നവേദപ്രമാണത്തെ, ശൂദ്രനു് വേദപഠനം നിഷേധിക്കാനുള്ള ഉപാധിയായി ശങ്കരൻ ദുർവ്യാഖ്യാനം ചെയ്തു എന്നും സൂചനയുണ്ടു്. അതിനാൽ ശൂദ്രനു് ഉപനിഷദ്പഠനം എന്തിനു് നിഷേധിക്കണമെന്നാണു് വിവേകാനന്ദൻ ചോദിക്കുന്നത്. നിശ്ചയമായും ശങ്കരന്റെ യുക്തിരഹിതമായ ഭാഷ്യത്തെ കാലാനുസൃതമായി വിവേകാനന്ദൻ ഇവിടെ തുറന്നുകാട്ടുന്നുണ്ടു്. പക്ഷേ വേദപ്രമാണമനുസരിച്ചു് ജാതി ഗുണനിഷ്ഠമാണെന്നോ, അതല്ല ശങ്കരവ്യാഖ്യാനംപോലെ ജന്മസിദ്ധമാണെന്നോ വേദാന്തത്തിന്റെ കൊളോണിയൽ വക്താവു് തീർപ്പു്കല്പിക്കുന്നില്ല. വേദപ്രമാണമംഗീകരിക്കുമ്പോൾ ശൂദ്രനു് വേദപഠനം നിഷേധിക്കുകവയ്യ; അതുവഴി ശൂദ്രനു് ആര്യത്വത്തിലേക്കുള്ള വഴിചൂണ്ടിക്കാട്ടാം. പക്ഷേ ജാതിഗുണനിഷ്ഠവും, ജന്മായത്തവുമെന്ന പരാമർശത്തിൽ ഒരുതീർപ്പുകല്പിക്കാൻ കഴിയാതെ വിവേകാനന്ദന്റെ വേദാന്തസമന്വയവാദം പൊളിഞ്ഞുവീഴുന്നത് നമുക്കിവിടെകാണാം. ''വർത്തമാനഭാരതത്തി''ന്റെ ചരിത്രവ്യാഖ്യാനത്തിൽ തന്നെ വിവേകാനന്ദനു് സ്വന്തംവരികളെ (പ്രിയാദാസിനോടുന്നയിച്ച സംശയങ്ങൾ) ഖണ്ഡിക്കേണ്ടിവരികയും ശങ്കരവ്യാഖ്യാനത്തിലേക്കു് തന്നെ എത്തിച്ചേരേണ്ടിവരികയും ചെയ്യുന്നു, ''പടിഞ്ഞാറു് വിദ്യാഭ്യാസം പരന്നിട്ടുണ്ടെങ്കിലും അവിടെ ശൂദ്രജ്ജാതിയുടെ വളർച്ചയ്ക്കു് വമ്പിച്ച ഒരു തടസ്സമുണ്ടു്. അവിടെ ജാതി ഗുണനിഷ്ഠമാണു്. ഭാരതത്തിലും പണ്ടു് ജാതി ഗുണനിഷ്ഠമായിരുന്നു. അതാണു് ശൂദ്രരെ കടുത്ത കെട്ടുപാടുകളിൽ കുരുക്കിയിട്ടത്'' (വി: സ: സ: P434; Vol; III). തുടർന്നു് വിദ്യകൊണ്ടും വീര്യംകൊണ്ടും ബ്രാഹ്മണ്യത്തിലേക്കും ക്ഷത്രിയത്വത്തിലേക്കും ഉയർന്ന വസിഷ്ഠൻ, നാരദൻ, കർണ്ണൻ എന്നിവരുടെ പേരെടുത്ത്പറയുന്നുണ്ടു്. അങ്ങിനെ സ്വന്തം കുലത്തിൽനിന്നും ഉയർത്തപ്പെട്ടതുകൊണ്ടു് പ്രസ്തുതവ്യക്തികൾ അവരുടെ കുലങ്ങൾക്കു് നഷ്ടപ്പെടുകയാണെന്നും ചൂണ്ടിക്കാട്ടുന്നു. അതിനാൽ ജാതി ജന്മസിദ്ധമാകുന്നതിന്റെ മേന്മയുണ്ടെന്നു് വ്യക്തമാക്കുകയും ചെയ്യുന്നു. ''ഇന്നത്തെ ഭാരതത്തിൽ ശൂദ്രകുലത്തിൽ ജനിച്ച മഹാപണ്ഡിതനാകട്ടെ കോടീശ്വരനാകട്ടെ സ്വന്തം സമുദായം വിട്ടുപോകാൻ അവകാശമില്ല. ഫലത്തിൽ, അവരുടെ വിദ്യ, ബുദ്ധി, ധനം എന്നിവയുടെ പ്രഭാവം സ്വജാതിയിൽ തന്നെ ചെന്നെത്തുകയും അതിൽപെട്ടവരുടെ ഉയർച്ചയ്ക്കു ഉപകരിക്കുകയും ചെയ്യുന്നു. ഈ മട്ടിൽ ഭാരതത്തിൽ ജന്മസിദ്ധമായ ജാതിവ്യവസ്ഥയുടെ അതിരുകൾ കടക്കാൻ കഴിയാതെ വരുന്നതുകൊണ്ട്, അതാത് ജാതിയിൽപ്പെട്ടവർ പതുക്കെ ഉൽക്കർഷപ്പെട്ടുവരികയാണു്''' (വി. സ. സ. P:435, Vol. III) കർമ്മസിദ്ധാന്തത്തിലൂടെ, അദ്വൈതത്തിലൂടെ, വേദങ്ങളിൽ ഗുണനിഷ്ഠമായിരുന്ന ജാതിയെ ജന്മനിഷ്ഠവും ഗുണനിഷ്ഠവുമായി വ്യാഖ്യാനിക്കപ്പെട്ട ജാതിവ്യവസ്ഥയുടെ മഹത്വത്തെ ഇവിടെ കലവറയില്ലാതെ വിവേകാനന്ദനു് ഉയർത്തിപ്പിടിക്കേണ്ടിവരുന്നു. അഥവാ. വേദകാലഘട്ടത്തിൽ ഗുണനിഷ്ഠമായിരുന്ന 'ജാതി'യെ കൊളോണിയൽ അതിജീവനത്തിനനുസൃതമായി ജന്മസിദ്ധമായ ഒന്നായി വ്യഖ്യാനിക്കുകമാത്രം ചെയ്യുന്നു. കൊളോണിയൽ വികാസത്തിനനുസൃതമായി പുതിയ തൊഴിൽ വിഭജനം ആവശ്യപ്പെടുന്നു. ഇത് സാദ്ധ്യമാക്കുന്നതിനു്, താഴ്ന്ന ജാതിക്കാരുടെ ഉന്നതി സാദ്ധ്യമാക്കുന്നതിനു്, ''ജാതിഭേദം വകവെയ്ക്കാതെ ശിക്ഷയും രക്ഷയും നല്കുന്ന ഒരു രാജവാഴ്ച'' (ഭരണകൂടം-ലേ.) യുടെ (P. 435: Vol: III) സാന്നിദ്ധ്യമാണു് അനിവാര്യമാക്കുന്നതെന്ന് ഊന്നിപ്പറയുകയുംചെയ്യുന്നു. ഭരണകൂടാധികാരത്തിനുള്ളിൽ നിലനിർത്തപ്പെടേണ്ട ശക്തമായ സാമൂഹികസ്ഥാപനമെന്നനിലയിൽ ജാതിവ്യവസ്ഥയെ ന്യായീകരിക്കുകയും, ബ്രാഹ്മണ/ക്ഷത്രിയാധികാരത്തിനുള്ളിൽ ''കല്പിച്ച സാമൂഹ്യസ്ഥാപനമായി'' ജാതി വ്യവസ്ഥയെ കാണേണ്ടിവരുന്നു. എന്നതിൽകവിഞ്ഞു് കൊളോണിയൽ വേദാന്തിക്കു് ഒരിഞ്ചു് മുന്നോട്ടു് നീങ്ങാൻ കഴിഞ്ഞില്ല.

ജാതിവിരുദ്ധ സമരത്തെ മുഖ്യവിപത്തായി കണ്ടു

ജാതി ജഡിലമായ ഇന്ത്യൻ ആത്മീയ ജീവിതത്തിനെതിരെ ശബ്ദമുയർത്തിയ എല്ലാധാരകളെയും ഭയാശങ്കയോടെമാത്രമാണു് വിവേകാനന്ദൻ കണ്ടത്. ബുദ്ധൻ മുതൽ ലിബറൽ ഹിന്ദുത്വവാദിയും' ആംഗ്ലോ-ഇന്ത്യൻ സമന്വയ വാദിയുമായ രാജാറാംമോഹൻ റോയിവരെയുള്ളവരുൾപ്പെടെ ഇക്കൂട്ടത്തിൽ എതിർക്കപ്പെ

ഖാലിസ്ഥാൻവാദികളെ കൊന്നൊടുക്കുന്നു

സുഭാഷ്

യാഥാർത്ഥ്യങ്ങൾ മൂടിവെച്ചു് അനുവാചകനെ നുണകൾ വിശ്വസിപ്പിക്കുകയും വളരെ പെട്ടെന്നു് ഗൗരവമുള്ള കാര്യങ്ങളിൽനിന്നു് ശ്രദ്ധ തിരിപ്പിക്കുകയും ചെയ്യുന്ന വൃത്താന്ത പത്രങ്ങളിൽ വർഷങ്ങളായി നാം വായിക്കുന്ന ഒരു കാര്യമുണ്ടു്. പോലീസുമായുള്ള ഏററുമുട്ടലിൽ സിക്കുതീവ്രവാദികൾ കൊല്ലപ്പെട്ടെന്ന്. ഇന്നും നമ്മൾ ആ വാർത്ത വായിക്കുമ്പോൾ ഒരു വികാരവുമില്ലാതെ സ്ഥിരമായി കാണാറുള്ളതെന്നഭാവേന വായിച്ചു തള്ളുന്നു.

ഖാലിസ്ഥാനുവേണ്ടിയുള്ള പോരാട്ടത്തിൽ ആയിരങ്ങൾ കൊല്ലപ്പെട്ടു കഴിഞ്ഞു. ഇവരെല്ലാം കർഷകകുടുംബത്തിൽനിന്നുംവന്ന അഭ്യസ്തവിദ്യരായ ചോരയും മാംസവുമുള്ള മനുഷ്യരായിരുന്നു. തീവ്രവാദിയെന്നും വിഘടനവാദിയെന്നും പറയുമ്പോൾ അവർക്ക് അവരുടേതായ പ്രത്യയശാസ്ത്രവും സ്വാതന്ത്ര്യസങ്കല്പവുമുണ്ട്. അത് മനസ്സിലാകണമെങ്കിൽ സിക്കുചരിത്രവും മതവും എന്താണെന്നു പഠിക്കണം.

പഞ്ചാബിൽ കോൺഗ്രസ്സ് സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഏററുമുട്ടലെന്നുപറഞ്ഞുവരുന്ന വാർത്തകൾ പച്ചക്കള്ളമാണ്. സിക്കുയുവാക്കളെ നിഷ്ഠൂരമായി വെടിവെച്ചു കൊല്ലുകയാണു്. ഇൻവെസ്ററിഗേഷൻ കേന്ദ്രങ്ങളിലും ജയിലുകളിലും ഭീകരമായ മർദ്ദനങ്ങൾക്കും ചോദ്യം ചെയ്യലുകൾക്കുംശേഷം പോലീസ് നടത്തുന്ന കൊലകൾ, ഏററുമുട്ടലുകളിൽ കൊല്ലപ്പെട്ടുവെന്നുള്ള സ്ഥിരം തലക്കെട്ടുകളോടെ പത്രങ്ങളിൽ പ്രത്യക്ഷപ്പെടുന്ന ഈ റിപ്പോർട്ടുകളിൽ പോലിസുകാർ കൊല്ലപ്പെടുകയോ, പരിക്കേൽക്കപ്പെടുകയോ ചെയ്യുന്നില്ല. പത്തോ പതിനഞ്ചോ തീവ്രവാദികൾ കൊല്ലപ്പെട്ടുവെന്നും ആയുധങ്ങൾ പിടിച്ചെടുത്തുവെന്നുമാണു് വാർത്തകൾ. ഇതിൽനിന്നും ഈ ഏററുമുട്ടലു

(ശേഷം 7-ാം പേജിൽ)

ടേണ്ടവരാണെന്നു് കരുതിയിരുന്നു. "ബുദ്ധനിൽനിന്നു്തുടങ്ങി ഇങ്ങു റാം മോഹൻ റോയ് വരെ എല്ലാവരും ജാതിയെ ഒരു മതസ്ഥാപനമെന്നു് തെററിദ്ധരിക്കുകയും, എന്നിട്ടു് മതത്തെയും ജാതിയെയും ഒന്നിച്ചു് വലിച്ചു് തറയിലിടാൻ ശ്രമിച്ചു പരാജയപ്പെടുകയും ചെയ്തു" (P: 89 ; വി: സ: സ: Vol: v) ഒററനോട്ടത്തിൽ ഒരു മതനിരപേക്ഷവാദിയെ തെററിദ്ധരിപ്പിക്കാൻ ശ്രമിക്കുന്ന ഈ വാദം, ഹിന്ദുത്വത്തെ ജാതിയിൽനിന്ന് വേർപെടുത്തിക്കാണണമെന്നു് പറയുമ്പോൾ സാമ്പത്തികവും, സാമൂഹികവും, സാംസ്കാരികവും, രാഷ്ട്രീയവുമായി സമഗ്രമായ വർഗ്ഗാധിപത്യം ചെലുത്താനുള്ള സാമൂഹികോപാധിയായ ജാതിയെ മറുവശത്ത് ന്യായീകരിക്കുന്നു എന്നതാണു് യാഥാർത്ഥ്യം. 19-ാം നൂററാണ്ടിൽ ഉപഭൂഖണ്ഡത്തിന്റെ നാനാദിക്കുകളിലും അലയടിച്ചുയർന്നുകൊണ്ടിരിക്കുന്ന ജാതിവിരുദ്ധപ്രസ്ഥാനങ്ങളോടു് പ്രതിഷേധിച്ചുകൊണ്ടുതന്നെയാണു് തന്റെ സമന്വയവാദം വിവേകാനന്ദൻ വികസിപ്പിക്കുന്നതെന്നു് വ്യക്തം. ഉയർന്നുവരുന്ന ജാതിവിരുദ്ധപ്രസ്ഥാനങ്ങളിൽനിന്നും ഹിന്ദുത്വത്തെ എങ്ങിനെ രക്ഷിക്കാം എന്നതിനായിരുന്നു അദ്ദേഹം ജീവിതകാലം മുഴുവൻ മിനക്കെട്ടത്. ജാതിവിരുദ്ധ പ്രസ്ഥാനങ്ങളോടുള്ള നിലപാടു് വിവേകാനന്ദൻ ഇങ്ങിനെ വ്യക്തമാക്കുന്നു: "ഈ ഒരു നൂററാണ്ടുകാലമായി നടക്കുന്ന സാമൂഹികപരിഷ്ക്കാരങ്ങൾ രാജ്യത്തെങ്ങും കാണത്തക്കവണ്ണം ശാശ്വതവും വിലപ്പെട്ടതുമായ ഫലമൊന്നും ഉളവാക്കീട്ടില്ല ......" (വേദാന്തപരിപാടി: P 87-Vol-III) "ബ്രഹ്മണരും ജാതിവിദ്വേഷത്തിന്റെ തീ ഊതിക്കത്തിക്കാൻ സ്വന്തം ശക്തി ചെലവഴിക്കുകയാണ് ...ജാതികൾ തമ്മിലുള്ള ഈ വഴക്കുകൊണ്ട് ഒരടിപോലും മുന്നോട്ടു വെക്കാൻ കഴിയില്ല, ഒരു പ്രയാസവും കടന്നുപോകാനാവില്ല. ഈ തീ ആളിക്കത്തിയാൽ സംഭവങ്ങളുടെ പ്രയോജനകരമായ പുരോഗതിയെ, ഒരു പക്ഷേ ശതങ്ങളോളം പിൻതള്ളാൻ കഴിഞ്ഞെന്നും വരാം ... അത് ബുദ്ധയുഗത്തിൽ സംഭവിച്ച രാഷ്ട്രീയ വിഡ്ഢിത്തങ്ങളുടെ ഒരാവർത്തനമാകും" (ആര്യൻമാരും തമിഴരും P. 478 vol III. വി: സ: സ:) മർദ്ദിതജാതികളുടെ വിമോചനസമരത്തോടുള്ള ചരിത്രപരമായ പക മറയില്ലാതെ പറയുന്നു: "ഞാൻ ജാതി ധ്വംസകനോ വെറും സാമൂഹികപരിഷ്കർത്താവോ ഒന്നുമല്ലെന്ന് നിങ്ങളോട് തുറന്നു പറയേണ്ടിയിരിക്കുന്നു. എനിക്ക് നിങ്ങളുടെ ജാതികളോടും സാമൂഹികപരിഷ്കരണ പരിപാടികളോടും നേരിട്ടൊരിടപാടുമില്ല" (വേദാന്തപരിപാടി P.86 vol III വി. സ: സ:). ജാതിമഹത്വം ഇങ്ങിനെ ഉത്ഘോഷിക്കുകയും മഹത്വവൽക്കരിക്കുകയുംചെയ്യുന്നു, "ഭഗവാൻ മനുഷ്യനു നൽകിയിട്ടുള്ളമഹത്തായ സാമൂഹികസ്ഥാപനങ്ങളിലൊന്നാണ് ജാതിവ്യവസ്ഥയെന്നത്രെ ഞങ്ങളുടെ വിശ്വാസം. ഇതിനകം, മഹനീയമായ ഈ ഭാരതീയ സ്ഥാപനം ഈ നാട്ടിന് അത്ഭുതങ്ങൾതന്നെ കൈവരുത്തിയിട്ടുണ്ടെന്ന് ഞങ്ങൾ വിശ്വസിക്കുന്നു." വേദങ്ങളിൽനിന്നും ശങ്കരന്റെ കർമ്മസിദ്ധാന്തത്തിൽനിന്നും ബഹുദൂരം മുന്നോട്ട് പോയതിനുശേഷം സാമൂഹികസ്ഥാപനങ്ങളെ ദൈവഹിതമായ സൃഷ്ടിയായി വേണ്ടവിധം വ്യാഖ്യാനിക്കുന്നു. ബ്രാഹ്മണാധിപത്യ വിരോധത്തോടെ പ്രകടമാക്കുന്ന ക്ഷത്രിയ ദൗത്യം ഇതുകൂടി പറഞ്ഞുവെക്കുന്നു: "......അപരിഹാര്യമായന്യൂനതകളും വൈദേശികമർദ്ദനങ്ങളും സർവ്വോപരി ബ്രാഹ്മണനെന്ന പേരിന് യോഗ്യരല്ലാത്ത പലരുടെയും അനന്യസുലഭമായ അറിവുകേടും ദുരഭിമാനവും ഈ സ്ഥാപനത്തിന്റെ ന്യായമായ സഫലീകരണത്തെ വിഘ്നപ്പെടുത്തിയിട്ടുണ്ടെങ്കിലും അത് ഭാരതീയ ജനതയെ അതിന്റെ ലക്ഷ്യത്തിൽ തിട്ടമായും കൊണ്ടെത്തിക്കാൻ പോകയാണെന്നും ഞങ്ങൾ വിശ്വസിക്കുന്നു." (ആര്യൻമാരും തമിഴന്മാരും P. 477 vol III വി. സ: സ.) സവർണ്ണാധിപത്യ ശക്തികളുടെ ദൃഢമായ ആത്മവിശ്വാസപ്രകടനം.

കേസരി 'സത്യം' പറഞ്ഞപ്പോൾ

സവർണ്ണ ഫാസിസം എന്നൊന്നുണ്ടോ എന്നാണ് വി. ടി. ഇന്ദുചൂഡൻ കേസരിയിൽ (14-2-93) ചോദിച്ചിരിക്കുന്നത്. ആർ. എസ് എസ് കൂട്ടങ്ങളുടെ പ്രസ്ഥാനത്തെ ഇന്ത്യൻഫാസിസം മാത്രമായി വിശേഷിപ്പിക്കുന്ന ഇ.എം. എസ്സിനെ മുൻനിർത്തി സ്വന്തം സവർണ്ണമനസ്സിന്റെ വൈകൃതങ്ങൾ ഇന്ദുചൂഡൻ നിരത്തിവയ്ക്കുമ്പോൾ 'കേസരി' പത്രാധിപർ മറുപടി നൽകാൻ ഒരു ഇടക്കോലി ഉണ്ണികൃഷ്ണനെ കണ്ടെത്തിയിട്ടുണ്ട്. അതേ ലക്കത്തിൽത്തന്നെ ഈ 'ലാലാ'കൃഷ്ണനെ (ആർ. എസ്സ്. എസ്സ്. ഭാഷ) ക്കൊണ്ട് ഇടക്കോലിടുമെന്ന് ഇന്ദുചൂഡൻ പ്രതീക്ഷിച്ചിരിക്കാൻ വഴിയില്ല!

പ്രത്യക്ഷത്തിൽ കെ. പി. വിജയന്റെ 'മാതൃഭൂമി' ലേഖനത്തിനെതിരെയാണ് 'ലാലാ'കൃഷ്ണൻ വടിവാൾവീശുന്നത്.പക്ഷേ സൂക്ഷ്മമായിപരിശോധിച്ചാൽ വാമദേവ മഹാരാജിന്റെഹിന്ദുരാഷ്ട്രസങ്കല്പത്തിന് പിന്തുണ പ്രഖ്യാപിക്കുന്നതാണ് യഥാർത്ഥതാൽപര്യം എന്നുകാണാൻ കഴിയും. മനുസ്യമ്തിയും യഞ്ജാവല്ക്യസ്മൃതിയും ഇന്നാരും പിന്തുടരുന്നില്ല.കാരണം കാലംമാറിയപ്പോൾ സ്മൃതികളും മാറി. ഇന്ന് 'അംബേദ്കർ' പിന്തുടരുന്നുണ്ടെങ്കിൽ ''ആ സ്മൃതിയും മാറേണ്ട സമയമായിരിക്കുന്നു ..'' (പേ. 3 കേസരി 14-2-93) അതുകൊണ്ട് ഭരണഘടനാമാററത്തെക്കുറിച്ച് പറയുമ്പോൾ ഇത്രയധികം വേവലാതിപ്പെടേണ്ട — ഇതാണ് 'ലാലാ'കൃഷ്ണന്റെ ന്യായവാദം. പോര. രണ്ടുതരം ഹിന്ദു, അധ:സ്ഥിത ഹിന്ദുവും ഉപരിസ്ഥിത ഹിന്ദുവുമില്ല. 'സ്ഥിത ഹിന്ദു' മാത്രം. മതന്യൂനപക്ഷങ്ങളെയും, മർദ്ദിതജ്ജാതികളെയും വേറെവേറെ കാണുന്ന 'എല്ലാററിന്റെയും ഏകാത്മകതയെക്കുറിച്ചു''' ചിന്തിക്കാൻ കഴിയാത്തതുകൊണ്ടാണു്. ഇത്രയൊക്കെ പറയുന്ന 'ലാലാ' കൃഷ്ണൻ വാമദേവ മഹാരാജിന്റെ ഭരണഘടനാപരിഷ്കാരത്തെ എതിർക്കുമെന്ന് വായനക്കാർ സംശയിച്ചേക്കാം. ഭാവി ഹിന്ദുരാഷ്ട്രത്തിന്റെ അടിസ്ഥാന തത്വം വർണ്ണവ്യവസ്ഥ ആയിരിക്കുമെന്നും, ജാതിസംവരണം നിർത്തലാക്കുമെന്നും' 'സ്ഥിത' ഹിന്ദുക്കളിൽ പൂണൂലിട്ട ബ്രാഹ്മണനേ രാമരാജ്യ ക്ഷേത്രങ്ങളിൽ പൂജാവിധിക്കവകാശമുണ്ടാകൂവെന്നും ആണല്ലോ ഈ സന്യാസി പ്രഖ്യാപിച്ചതു്. പക്ഷേ 'ലാലാ' കൃഷ്ണന്റെ ലേഖനം മുഴുവൻ പരതിനോക്കിയാലും വിമർശനത്തിന്റെ ഒരു സൂചനപോലും കാണില്ല. 'അംബേദ്ക്കർ സ്മൃതി' എന്ന് ഈ മാന്യൻ പുച്ഛരിച്ചു തള്ളുന്നു കാര്യങ്ങൾ. മർദ്ദിത ജാതികൾ സവർണ്ണ മേധാവിത്വത്തിനെതിരെ സമരത്തിലൂടെ നേടിയെടുത്ത ജനാധിപത്യ അവകാശങ്ങൾ ഇല്ലാതാക്കുന്നതിനുള്ള ന്യായീകരണമാണ് 'ഏകാത്മ ചിന്ത'. ആ ചിന്തയിൽ ലയിച്ച് നിത്യജീവിതത്തിൽ അധ:സ്ഥിതരും മററും അനുഭവിക്കുന്ന മർദ്ദനം മറക്കണം. കാരണം ''ഏകാത്മ രാഷ്ട്ര സങ്കല്പത്തിൽ സമത്വമാണ് പ്രധാനം'' സാങ്കല്പിക സമത്വബോധം സൃഷ്ടിച്ചു് ഹിന്ദുവർഗ്ഗീയവാദം മറച്ചുവയ്ക്കുന്ന സവർണ്ണാധിപത്യത്തിന്റെ യാഥാർത്ഥ്യം മറനീക്കി പുറത്തുവരാൻ വെമ്പുന്നതാണു് സീസം: 6നു് ശേഷം നാം കണ്ടതെങ്കിൽ അതിനനുയോജ്യമായ ഭാഷ്യം കണ്ടെത്താനാണു് 'ലാലാ'കൃഷ്ണനിലൂടെ 'കേസരി' ശ്രമിക്കുന്നത്. വാമദേവ മഹാരാജിന്റെ പ്രസ്താവനയിലൂടെ തുറന്നുകാട്ടപ്പെട്ട സവർണ്ണഫാസിസ്ററുകൾ, സന്യാസിമാരെയും, ബി. ജെ. പി. നേതാക്കന്മാരെയും ഉപയോഗപ്പെടുത്തി ഇതു മറച്ചുവയ്ക്കാൻ ശ്രമിച്ചപ്പോൾ തന്നെ, 'കേസരി'യിലൂടെ വാമദേവ മഹാരാജിനു് അനുകൂലമായ നിലപാടുകൾ അവതരിപ്പിക്കുന്നതു് ശ്രദ്ധാർഹമായ വസ്തുതയാണു്. ഡിസം. 6 ലൂടെ നേടിയ 'നേട്ട'ങ്ങൾ കൈമോശം വന്നുപോകാതെ സൂക്ഷിക്കേണ്ടേ!

ഇനി സവർണ്ണ ഫാസിസത്തിലേക്കുവരാം. ആദ്യം ചില വസ്തുതകൾ. ഇന്ത്യയിലെ ഏററവുമധികം ആസ്തിയുള്ള 100 കുത്തക കമ്പനികളിൽ 33 എണ്ണവും നിയന്ത്രിക്കുന്നത് മാർവാഡി ബ്രാഹ്മണ, ബനിയ, ഗുജറാത്തി ബ്രാഹ്മണ, ബനിയ ജാതിക്കാരാണു്. 14 എണ്ണം നിയന്ത്രിക്കുന്ന പാർസികൾ 3-ാം സ്ഥാനത്തും, 9 എണ്ണം നിയന്ത്രിക്കുന്ന പഞ്ചാബി ബനിയകൾ 4-ാം സ്ഥാനത്തും വരുന്നു. പാർസികളും ജൈന മാർവാഡികളും, ഹിന്ദുക്കളല്ലാത്തതുകൊണ്ടു് ഇവരെ സവർണ്ണരെന്നു വിളിച്ചുകൂടാ എന്നാണ് ഇന്ദുചൂഢൻ വാദിക്കുന്നതു്. സാധാരണഗതിയിൽ വിശാല ഹിന്ദുത്വത്തിന്റെ ഭാഗമായി സവർണ്ണഫാസിസ്ററു സംഘങ്ങൾ വിശേഷിപ്പിക്കുന്ന ജൈനമതത്തെ ഇവിടെ സൗകര്യാർത്ഥം 'അന്യ' മതമായി ചിത്രീകരിച്ചിരിക്കുന്ന അവസരവാദം മാററിവച്ചാൽത്തന്നെ ഈ വാദം നിരർത്ഥകമാണ്. കാരണം ഈ കൂട്ടരെല്ലാംതന്നെ സവർണ്ണാധിപത്യത്തിന്റെ നേട്ടം അനുഭവിക്കുന്നവരും അത് നിലനിർത്താൻ ആഗ്രഹിക്കുന്നവരുമാണ്. ചുരുക്കത്തിൽ ഇന്ദുചൂഢൻ സ്വീകരിക്കുന്ന യാന്ത്രികമാതൃക പിന്തുടർന്ന് ഇന്ത്യൻ വൻകിട മുതലാളിവർഗ്ഗത്തിന്റെ ജാതിസ്വഭാവം വിശകലനം ചെയ്താലും സവർണ്ണഫാസിസം തീർത്തും അനുയോജ്യമായ വിശേഷണമാണെന്നു കാണാൻ കഴിയും. ഹിററ്ലറുടേയും മുസ്സോളിനിയുടേയും ഫാസിസ്ററ് പ്രസ്ഥാനങ്ങളെപ്പോലെ ഒരു നിശ്ചിത വിഭാഗത്തിന്റെ (ഇവിടെ സവർണ്ണർ) ഗതകാലമഹിമ അക്രമാസക്തമായി സ്ഥാപിച്ചെടുക്കാൻ അതിന്റെ ആധിപത്യത്തോടുള്ള എല്ലാ തടസ്സങ്ങളെയും തട്ടിമാററാൻ ശ്രമിക്കുന്ന ആർ. എസ്സ്.എസ്സ് കൂട്ടങ്ങളെ ഫാസിസ്റ്റ് എന്നു വിശേഷിപ്പിക്കുന്നതിന്റെ പ്രസക്തിയും ജനാധിപത്യബോധമുള്ള ആർക്കും വ്യക്തമാകും. സംശയം ബാക്കിനിൽക്കുന്നുണ്ടെങ്കിൽ സഹയാത്രികനായ 'ലാലാ'കൃഷ്ണന്റെ ലേഖനം ഒരാവർത്തികൂടി വായിച്ചാൽ മതി.

(5-ാം പേജിൽ നിന്നും തുടർച്ച)

കളുടെ നിജസ്ഥിതി മനസ്സിലാക്കാവുന്നതേയുള്ളൂ. പുത്തൻ ജനാധിപത്യ പഞ്ചാബിനു വേണ്ടി പോരാടുന്ന മാർക്സിസ്റ്റ്-ലെനിനിസ്റ്റുകൾക്കെതിരെയും ഇതേ തന്ത്രം തന്നെയാണു് ഭരണകൂടം പ്രയോഗിക്കുന്നതു്. പല പ്രവർത്തകരേയും മിസ ഉപയോഗിച്ചു് ജയിലിലടച്ചിരിക്കുന്നു. ആയിരക്കണക്കിനു് സിക്കു യുവാക്കൾ വിചാരണ പോലുമില്ലാതെ ജയിലിൽ നരകിക്കുന്നു,

സി. ടി., ജനശക്തി എന്നീ മാർക്കിസ്റ്റ് ലെനിനിസ്റ്റ് പാർട്ടികളും. സി. പി. ഐ., സി.പി.എം., ബി.ജെ.പി. കോൺഗ്രസ്സ് (ഐ) പാർട്ടികളും ഒരുമിച്ചുനിന്നാണ് ഖാലിസ്ഥാൻ വാദികളെ നേരിടുന്നത്. ഇവർക്കെല്ലാം പോലീസ് സംരക്ഷണം കൂടാതെ എ. കെ. 47 തോക്കുകളുമായി സ്വന്തം അംഗരക്ഷകരുമുണ്ട്.

ഇന്ന് പഞ്ചാബിലെ ജനങ്ങൾ ഭയപ്പെടുന്നതു് ഖാലിസ്ഥാൻ തീവ്രവാദികളെയല്ല, പോലീസിനെയാണു്.

അവർ പറയുന്നു, സിക്കുക്കാരുടെ ചരിത്രം പോരാട്ടത്തിന്റെയും ത്യാഗത്തിന്റെയുമാണ്. എന്നും സ്വാതന്ത്ര്യത്തിനു വേണ്ടി ജീവൻ കൊടുത്തു പോരാടിയ ചരിത്രം. സ്വർണ്ണക്ഷേത്രവും അകാൽ തക്ത്തും പലതവണ ശത്രുക്കളാൽ തകർക്കപ്പെട്ടിട്ടുണ്ടു്. അതുപോലെ തന്നെ പണിതുയർത്തുകയും ചെയ്തിട്ടുണ്ടു്. ഞങ്ങൾ ഇന്ത്യൻ പട്ടാളം തകർത്ത അകാൽ തക്ത് പണിതുകൊണ്ടിരിക്കുന്നു. (അകാൽ തക്തിന്റെ പണി ഇപ്പോഴും പൂർത്തിയായിട്ടില്ല.)

സാധാരണക്കാരായ സിക്കുകാർ ഭിന്ദ്രൻവാലയെ രക്ഷകനായി കാണുന്നു. ഭാവിയിൽ ഭിന്ദ്രൻവാല ഇവരുടെ പതിനൊന്നാമത്തെ ഗുരുവാകാൻ സാദ്ധ്യതയുണ്ട്.

ഇന്ത്യാ - പാക്കിസ്ഥാൻ വിഭജനത്തിൽ പാഞ്ചാബിനെ വെട്ടിക്കീറിയതിൽ ഇവർ ഇപ്പോഴും അമർഷം കൊള്ളുന്നു. സിക്കുജനതയുടെ ഐക്യവും ശക്തിയും ക്ഷയിപ്പിക്കുന്നതിനാണ് പഞ്ചാബിനെ വെട്ടിമുറിച്ചതെന്ന് ഇവർ വിശ്വാസിക്കുന്നു.

പാക്കിസ്ഥാനിൽ സിക്കുകാർ വളരെ ചെറിയ ന്യൂനപക്ഷമായി മാറി. സിക്കു മതസ്ഥാപകനായ ഗുരുനാനാക്കിന്റെ ജന്മനാടു് പോലും പാക്കിസ്ഥാനിലായി.

പഞ്ചാബിൽ ജനാധിപത്യം പുന:സ്ഥാപിച്ചുവെന്ന് നരസിംഹറാവു പറഞ്ഞുനടക്കുന്നുണ്ടെങ്കിലും ഇപ്പോഴും പോലീസ് ഭരണമാണ് പഞ്ചാബിൽ നടക്കുന്നത്. ഒരിക്കൽ 24 മണിക്കൂറും പാട്ടും കൂത്തുമായി കഴിഞ്ഞിരുന്ന പഞ്ചാബിലെ ഗ്രാമങ്ങൾ ഇന്ന് സൂര്യൻ അസ്മതിച്ചു കഴിഞ്ഞാൽ മൂകമാകുന്നു. ശൂന്യമായ വഴികളും റോഡുകളും. എങ്ങും 'കനത്ത നിശബ്ദത. ഇരുട്ടുന്നതിനു മുമ്പേ ആളുകൾ വീടണയുന്നു.

ഇപ്പോൾ ഒരിടവേളപോലെ അല്പം 'ശാന്തത'യുണ്ടെന്നു് ജനങ്ങൾ സമ്മതിക്കുന്നു. പക്ഷേ, ഇത് ഏതു നിമിഷവും ഭേദിക്കപ്പെടാമെന്നും അവർ വിശ്വസിക്കുന്നു. കാരണം, പഞ്ചാബിലെ ഗോതമ്പു വയലുകളിൽ സിക്കു യുവാക്കളുടെ ചോരവീണ് കറപിടിച്ചിരിക്കുന്നു.

ബോംബെയിൽ എന്താണ് നടന്നത് ?

(2-ാം പേജിൽ നിന്നും തുടർച്ച)

മുഖ്യമന്ത്രിയെ നീക്കം ചെയ്യുന്ന ലക്ഷ്യത്തോടെ നഗരത്തിലെ മാഫിയാ സംഘങ്ങൾ മുസ്ലീം ആധിപത്യ പ്രദേശങ്ങളിൽ ചില സാധരണക്കാരായ ഹിന്ദുക്കളെ കശാപ്പുചെയ്ത് കൂട്ടകൊലയ്ക്കു് തുടക്കമിട്ടു. അതോടെ ശിവസേനാ നേതാക്കന്മാർ നയിച്ച സംഘങ്ങൾ മുസ്ലീംങ്ങൾക്കെതിരെ ആസൂത്രിതമായ കൂട്ടക്കൊല നടത്തി. കയ്യിൽ ലിസ്റ്റുമായിപോയി മുസ്ലീം വീടുകൾ തിരഞ്ഞുപിടിച്ചാണ് ആക്രമിച്ചത്. നിയന്ത്രണംവിട്ട ഈ സംഘങ്ങൾ ചില സ്ഥലങ്ങളിൽ ഹിന്ദിക്കളുടെ കടകളും കൊള്ളയടിച്ചു. ഹിന്ദുക്കൾക്ക് ആധിപത്യമുള്ള പ്രദേശങ്ങളിൽ നിന്ന് മുസ്ലീങ്ങളെ പൂർണ്ണമായും ഓടിക്കാൻ ശിവസേനക്കാർ പ്രത്യേകം ശ്രദ്ധിച്ചിരുന്നു. വർഗീയ കൂട്ടക്കൊലയുടെ മറവിൽ വിവിധ മതവിശ്വാസികൾ താമസിക്കുന്ന ചേരികൾ കൂട്ടത്തോടെ കത്തിച്ച് ഭൂമികൈയ്യടക്കാൻ വൻകിട കെട്ടിടനിർമ്മാണ കോൺട്രാക്ടർമാരുടെ ഗുണ്ടാസംഘങ്ങളും രംഗത്തുണ്ടായിരുന്നു. ഇന്ത്യയുടെ വടക്കും തെക്കുമുള്ള സംസ്ഥാനങ്ങളിൽ നിന്നുവന്ന വിവിധ മതക്കാരായ ലക്ഷകണക്കിനു തൊഴിലാളികൾ എല്ലാം ഉപേക്ഷിച്ച് ബോംബെ വീട്ടുപോയി അഭ്യസ്തവിദ്യരായ ഹിന്ദുമധ്യവർഗത്തിൽപെടുന്നവരാണ് ഏററവുമധികം വർഗീയവൽക്കരിക്കപ്പെട്ടിരിക്കുന്നത്. നല്ലൊരു ശതമാനം ബി. ജെ. പിയെ പിന്തുണയ്ക്കുന്നു. പലയിടത്തും ഇവരും കൊള്ളയിലും കൊലയിലും പങ്കെടുത്തിട്ടുണ്ട്.

"പത്തുദിവസത്തേക്ക് സർക്കാർ നിശ്ചലമായിരുന്നു. മാഫിയ സംഘങ്ങളോട് അടുത്ത ബന്ധമുള്ള പവാർഗ്രൂപ്പും ശിവസേനയോട് അടുപ്പമുള്ള നായ്ക്ക് (മുൻമുഖ്യമന്ത്രി) ഗ്രൂപ്പും തമ്മിലുള്ള വടംവലി ഇതിൽ പ്രമുഖ പങ്കുവഹിച്ചിട്ടുണ്ട്. അയുധങ്ങളുമായി പിടികൂടിയ ഒരു ശിവസേനാനേതാവിനെ ഉടനടി വിട്ടയച്ചു. പിന്നീട് നരസിംഹറാവു സന്ദർശിച്ച ശിവസേനാ പ്രതിനിധി സംഘത്തിൽ ഇയാളും ഉണ്ടായിരുന്നു. പോലീസ് നിഷ്ക്രിയമായി നോക്കിനിൽക്കുക മാത്രമല്ല കൊള്ളക്കാരെ പ്രോത്സാഹിപ്പിക്കുകയും മുസ്ലിങ്ങളെ ആക്രമിക്കാൻ പ്രേരിപ്പിക്കുകയും ചെയ്തു.

"...ശിവസേന - ബി. ജെ പി നിയന്ത്രിതപത്രങ്ങളും മുസ്ലിം മൗലികവാദികൾ നിയന്ത്രിക്കുന്ന ഉർദു മാധ്യമങ്ങളും ജനങ്ങൾക്കിടയിൽ ധ്രുവീകരണം സൃഷ്ടിക്കുന്നതിൽ പരസ്പരപൂരകമായിട്ടാണ് പ്രവർത്തിച്ചത്. ഫാസിസ്റ്റ് സംഘങ്ങൾ പത്രപ്രവർത്തകരെ, പ്രത്യേകിച്ചും മുസ്ലീം

മുന്നണിപ്പട ബുള്ളററിൻ സംഭാവന 1.00

പത്രപ്രവർത്തകരെ തെരഞ്ഞുപിടിച്ചാക്രമിച്ചിരുന്നു. സമ്പന്നരുടെ വീടുകളും ഈ പ്രാവശ്യം ആക്രമിക്കപ്പെട്ടതുകൊണ്ട് അവരിൽ ഒരുവലിയ വിഭാഗം വർഗീയഭ്രാന്തിനെ പരസ്യമായി അധിക്ഷേപിക്കാൻ തയ്യാറായി.

"കൂട്ടക്കൊലക്കിടയിൽ ചേരികളിലെ ജനങ്ങൾ പലയിടത്തും മതനിരപേക്ഷമായി പ്രതിരോധ സംഘങ്ങൾ രൂപികരിച്ചു. ന്യൂനപക്ഷങ്ങൾക്ക് സംരക്ഷണം നൽകാനും പാലായനം ചെയ്യുന്നതിൽ നിന്ന് ഇവരെ പിന്തിരിപ്പിക്കാനും ഈ സമിതികൾ പ്രവർത്തിച്ചു. ഇവ മാതൃക പിന്നിട്ട് വലിയ ഹൗസിംങ് സൊസൈററികളിലും നടപ്പാക്കി. എന്നാൽ ചേരികളിലെ അധ്വാനിക്കുന്നവരുടെ ഈ സംരംഭം ഉയർത്തി കാട്ടാനോ പ്രചരിപ്പിക്കാനോ സർക്കാർ മാധ്യമങ്ങളും പത്രങ്ങളും ഒട്ടുംതന്നെ താൽപര്യം 'എടുത്തില്ല ഇതേ രീതിയിൽ വ്യാപകമായ ദുരിതാശ്വാസ പ്രവർത്തനങ്ങളും നടന്നിട്ടുണ്ട്".

ചെപ്പടി വിദ്യക്കാരന്റെ ...

(1-ാം പേജിൽ നിന്നും തുടർച്ച)

ലാഭം വർദ്ധിക്കുന്നതിൽ നിന്ന് പ്രതീക്ഷിക്കുന്ന അധിക നികുതിയും (1പൈസ) തികയില്ല. കമ്മികണക്കുകളിൽ കണ്ടവ്യത്യാസമാണ് ഇവിടെ പ്രതിഫലിക്കുന്നത്. 93/94ൽ ചെലവു ചെയ്യുന്ന ഓരോ രൂപയിലും 92/93 അപേക്ഷിച്ച് പലിശയിനത്തിൽ 2പൈസയും കേന്ദ്രപദ്ധതി വിഹിതത്തിന് 2പൈസയും അധിക ചെലവുണ്ട്. ഇതാകട്ടെ സബ്സിഡിയിലും സംസ്ഥാനങ്ങൾക്ക് നല്കുന്ന പദ്ധതിയേതര സഹായത്തിലും 2 പൈസ വീതം വെട്ടികുറച്ചാണ് കണ്ടെത്തിയിരിക്കുന്നത്. അഥവാ മൊത്തം ബഡ്ജററ് സംഖ്യയുടെ ശതമാനമായി കണക്കാക്കുമ്പോൾ സംസ്ഥാന പദ്ധതി ഇനത്തിലോ, നികുതിയുടെ വിഹിതമായി സംസ്ഥാനങ്ങൾക്ക് നല്കുന്ന സംഖ്യയിലോ ഒരു വർദ്ധനവും ഉണ്ടായിട്ടില്ല.

മൻമോഹൻ സിംഗ് പ്രഖ്യാപിച്ചിരിക്കുന്ന നികുതി ഇളവുകൾ സാധാരണക്കാരുടെ നിത്യോപയോഗ ചരക്കുകളെ കാര്യമായി ബാധിക്കുന്നില്ല. ഇതേ സമയം ഈ ചരക്കുകൾക്കുള്ള സർക്കാരിന്റെ നിയന്ത്രിത വിലയിലുണ്ടായ വർദ്ധനവുകളും റെയിൽവേ ഗതാഗത കൂലി വർദ്ധനവും വഴി അവരെ ഒന്നുകൂടി ഞെക്കിപിഴിഞ്ഞിരിക്കുന്നു. റെയിൽചരക്കുകൂലി വർദ്ധിപ്പിച്ചതു മൂലം റേഷൻ അരി കിലോക്ക് 15 പൈസ അധികം നല്കണം. പഞ്ചസാര വിലവർദ്ധനവും എല്ലാം നടപ്പാക്കിയതിനു ശേഷം കൂടുതലും മേലെതട്ടിലുള്ള ഇടത്തരക്കാർക്ക് ആശ്വാസം കിട്ടുന്ന ഇളവുകൾ പ്രഖ്യാപിക്കാൻ സിംഗിന് ഒരു ബുദ്ധിമുട്ടുമുണ്ടാവില്ലല്ലോ പക്ഷേ ഈ ഇളവുകളെ ജനപ്രിയതക്കുവേണ്ടി ചെയ്ത ചെപ്പടിവിദ്യയായി കാണുന്നത് ശരിയായിരിക്കില്ല.

സാമ്പത്തിക സർവ്വേയിൽ കാർഷിക-വ്യാവസായിക ഉല്പാദനം മെച്ചപ്പെട്ടുവെന്ന് അവകാശപ്പെടുന്നുണ്ടെങ്കിലും ഉദ്ദേശിച്ച ലക്ഷ്യങ്ങൾ നിറവേററാൻ കഴിഞ്ഞിട്ടില്ല. ലക്ഷ്യം അപേക്ഷിച്ച് നെല്ല്, ഗോതമ്പ്, കരിമ്പ് എന്നിവയുടെ ഉല്പാദനത്തിൽ യഥാക്രമം 58 ലക്ഷം ടൺ, 10 ലക്ഷം ടൺ, 130 ലക്ഷം ടൺ കുറവുണ്ടായിട്ടുണ്ട്. വ്യാവസായിക വളർച്ചാനിരക്കിന്റെ കണക്കുകൾ 92/93 സാമ്പത്തികവർഷത്തിന്റെ ആദ്യപകുതിയെ അടിസ്ഥാനപ്പെടുത്തിയാണ് നല്കിയിരിക്കുന്നത്. രണ്ടാം പകുതിയോടെ തീർത്തും പ്രകടമായ വ്യാവസായിക മാന്ദ്യം കുറഞ്ഞതിന്റെ ഒരു സൂചനയും ഇല്ലെന്നു മാത്രമല്ല, ബോംബെ കൂട്ടകൊലകളും മററും മൂലം കോടികണക്കിന് രൂപയുടെ നഷ്ടവുമുണ്ടായിട്ടുണ്ട്. പ്രതീക്ഷിച്ചപോലെ കയററുമതിവരുമാനവും വിദേശമുതൽ മുടക്കും ലഭിക്കാത്ത സാഹചര്യത്തിൽ സമ്പദ്ഘടനയെ ചലനാത്മകമാക്കാനുള്ള ആശയററശ്രമത്തെയാണ് സിംഗിന്റെ ഇളവുകൾ വ്യക്തമാക്കുന്നത്. ഇതിൽ തന്നെ സാമ്രാജ്യത്വശക്തികളുടെ താല്പര്യങ്ങളെ കഴിയാവുന്നത്ര സേവിക്കാനും ശ്രദ്ധിച്ചിരിക്കുന്നു 4087 കോടിരൂപയുടെ ഇളവുകളിൽ 3273 കോടിരൂപയും കസ്റ്റംസ് ചുങ്കം കുറച്ച വകയിൽപെടും. ഇറക്കുമതി ഒന്നുകൂടി ഉദാരമാക്കുന്നതിലൂടെ വിദേശകുത്തകകളുടെ ചരക്കുകളും യന്ത്രങ്ങളും മററും നിർബ്ബാധം ഇങ്ങോട്ട് ഒഴുകും. അഥവാ എന്തെങ്കിലും തടസ്സമുണ്ടെങ്കിൽ, രൂപയുടെ മൂല്യം കുറയ്ക്കുമെന്ന് ഉറപ്പുവരുത്തുന്നതിന് വിദേശനാണയ കൈമാററത്തിലുണ്ടായിരുന്ന എല്ലാ നിയന്ത്രണങ്ങളും എടുത്തുമാററിയിട്ടുണ്ട്. ഇത് കട പ്രതിസന്ധിയെ പരിഹരിക്കാനല്ല ഒന്നുകൂടി രൂക്ഷമാക്കാനെ സഹായിക്കൂ, ആഭ്യന്തര വ്യാവസായിക മാന്ദ്യവും ശക്തിപ്പെടും. സാമ്രാജ്യത്വ ശക്തികൾ ഒരുക്കിവച്ച പാതയിലൂടെ ഭീമമായ ഒരു തകർച്ചയിലേക്ക് നീങ്ങാനെ ഇന്ത്യൻ ഭരണവർഗങ്ങൾക്കുകഴിയൂ എന്നാണ് മൻമോഹൻ സിംഗിന്റെ 'ഉദാരമായ' ബഡ്ജററ് വെളിപ്പെടുത്തുന്നത്.

കെ.സി.പി പ്രചരണ ജാഥ

'കേന്ദ്രസർക്കാരിന്റെ സവർണ്ണഫാസിസ്റ്റ് പ്രീണനത്തിനെതിരെ 'കേരള കമ്മ്യൂണിസ്റ്റ് പാർട്ടി ഫെബ്രവരി 1 മുതൽ 11 വരെ എറണാകുളം, ഇടുക്കി, കോട്ടയം, ആലപ്പുഴ ജില്ലകളിൽ രാഷ്ട്രീയ പ്രചരണ ജാഥ സംഘടിപ്പിച്ചു. സവർണ്ണ ഫാസിസ്റ്റുകളെ നേരിടുന്നതിന്റെ പേരിൽ സവർണ്ണ പ്രത്യയ ശാസ്ത്രത്തിന്റെ വക്താക്കളായ ഗാന്ധി, വിവേകാനന്ദൻ മുതലായവരെ പ്രതിഷ്ഠിക്കാനുള്ള വിവിധ ഭരണവർഗ്ഗ പാർട്ടികളുടെ സമീപനം തുറന്നുകാട്ടിക്കൊണ്ട് കെ. സി. പി. പ്രചരണജാഥ ജാതിവിരുദ്ധ സമീപനങ്ങൾ സ്വീകരിച്ച അവർണ്ണപാരമ്പര്യത്തിൽ നിന്നാരംഭിക്കേണ്ടതിന്റെ പ്രാധാന്യം ഊന്നിയിരുന്നു. സവർണ്ണഫാസിസത്തിന്റെ ആക്രമണത്തിന് ഇരയാകുന്ന വിവിധ മതന്യൂനപക്ഷ പിന്നോക്ക-ദളിത് വിഭാഗങ്ങളുടെ ഐക്യം തടസ്സപ്പെടുത്തിക്കൊണ്ട് മുസ്ലീം - പിന്നോക്ക ജാതികൾക്കിടയിൽ നിലനില്ക്കുന്ന ജാതിമേധാവിത്വസമീപനവും വിമർശിക്കപ്പെട്ടു. 'അയോദ്ധ്യയിൽ നിർമ്മിച്ച സവർണ്ണഫാസിസ്റ്റ് കോട്ട തകർക്കുക". ജനാധിപത്യവും മതേതരത്വവും നേടിയെടുക്കുന്ന ദിശ ചൂണ്ടികാട്ടുന്ന" ഒരു ജാതി, ഒരുജനത, ഒരുദേശം കേരളം", സവർണ്ണ - ദല്ലാൾ ഭരണകൂടത്തിനെതിരെയുള്ള മർദ്ദിതരുടെ സായുധപോരാട്ടമാണ് ജനാധിപത്യത്തിന്റെ മുഖ്യ ഉറവിടം" എന്നീ മുദ്രാവാക്യങ്ങളും ജാഥയിലൂടെ പ്രചരിപ്പിക്കപ്പെട്ടു.

കേരള കമ്മ്യൂണിസ്റ്റു പാർട്ടിക്കുവേണ്ടി എം. ഗീതാനന്ദൻ അച്ചടിച്ച് പ്രസിദ്ധീകരിക്കുന്നത്
പത്രാധിപർ : കെ. മുരളീധരൻ, അച്ചടി : ചിത്തിര, എറണാകുളം